## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 234 20-06-2012-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പദ്ധതി

**ചോദ്യം**

ശ്രീ. പി.റ്റി.എ. റഹീം
ശ്രീ.എളമരം കരീം
ശ്രീ.ജെയിംസ് മാത്യു
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) വയനാട്ടിൽ അഹാഡ്സ് മാതൃകയിൽ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 1400 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ, പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്ര സഹായം എത്ര കോടിയാണ്; | (ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് സമർപ്പിച്ചിരുന്നു. പ്രോജക്റ്റ് റിപ്പോർട്ട് അപൂർണ്ണമായിരുന്നതിനാൽ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. കേന്ദ്ര സഹായം ഇതുവരെ ലഭ്യമായിട്ടില്ല. |
| (സി) പ്രഖ്യാപിത പദ്ധതിയിൻകീഴിൽ എത്ര കോടി രൂപ ഏതെല്ലാം ഇനത്തിൽ ഇതിനകം ചെലവഴിക്കുകയുണ്ടായി എന്ന് വിശദമാക്കുമോ? | (സി) പ്രഖ്യാപിത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.<br>പൈലറ്റ് പദ്ധതിയുടെ സർവ്വേ ആസൂത്രണം<br>: 10,57,350/- രൂപ |

| | |
|---|---|
| | ക്യാമ്പ് ഓഫീസ് പുനരുദ്ധാരണവുംനടത്തിപ്പും<br>ഇതര ചെലവുകളും : 4,34,815/- രൂപ<br>ആകെ ചിലവ് : 14,92,165/- രൂപ. |

സെക്ഷൻ ഓഫീസർ.